[Mr. C. A. Ouseph]

(സി) നിയമനത്തെപ്പറ്റി ശുപാർശചെയ്യാനുള്ള അധികാരമുണ്ട്. പക്ഷെ വ്യക്തമായ ഉണ്ടാക്കിയതിനുശേഷമെ ഈ അധികാരം കമ്മീഷനു സിദ്ധിക്കുകയുള്ളൂ.

(ഡി) മൂന്ന്. ഒരു ചെയർമാനും, രണ്ടു മെമ്പർമാരും.

ചെയർമാൻ—൩ ൫ ൦—൨ ൫—൫ ൦ ൦.

൫ ൦ ൦

മെമ്പർമാർ.—൨ ൫ ൦—൨ ൫—൫ ൦ ൦.

(ഇ) നിശ്ചയമില്ല.

മിസ്റ്റർ സി. യു. നാരായണൻ: സ്റ്റാഫ് സെലക്ഷൻ ബോർഡും പബ്ലിക് സർവ്വീസ് കമ്മീഷനുംകൂടി ആകെ എത്ര നിയമനങ്ങൾ നടത്തിയിട്ടുണ്ട്?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസു വേണം.

മിസ്റ്റർ പി. കെ. ഡീവർ: പബ്ലിക് സർവ്വീസ് കമ്മീഷനോട് ആലോചിക്കാതെ നടത്തിയിട്ടുള്ള ഉദ്യോഗനിയമനങ്ങളുടെ ഒരു കണക്കു പറയുവാൻ സാധിക്കുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അങ്ങിനെ ഉണ്ടായിട്ടുണ്ട്. പക്ഷെ, അതിന്റെ കണക്ക് ഇപ്പോൾ പറയുവാൻ പ്രയാസമാണ്.

മിസ്റ്റർ പി. കെ. ഡീവർ: അങ്ങിനെയുള്ള നിയമനങ്ങൾ വളരെയധികമുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ഒന്നു ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടിട്ടുണ്ട്. അതു കാൻസൽ ചെയ്കയും ചെയ്തു.

മിസ്റ്റർ കെ. ഐ. വേലായുധൻ: ഇങ്ങിനെയുള്ള നിയമനങ്ങൾ ഇനിയും ഗവണ്മെണ്ടിന്റെ ദൃഷ്ടിയിൽ കൊണ്ടുവരുകയാണെങ്കിൽ അതു മുഴുവൻ കാൻസൽ ചെയ്യുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: നിവൃത്തിയുള്ളിടത്തോളം കാൻസൽ ചെയ്യണമെന്നാണ് വിചാരം.

മിസ്റ്റർ കെ. ഐ. വേലായുധൻ: പബ്ലിക് സർവ്വീസ് കമ്മീഷന്റെ പരിധിയിൽ പെട്ട ഉദ്യോഗങ്ങൾ ഗവണ്മെണ്ടു നേരിട്ടു നടത്തുകയാണെങ്കിൽ അതു തെറ്റല്ലേ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതു ചെയ്യാൻ പാടില്ലാത്തതാണ്.

മിസ്റ്റർ കെ. കെ. വിശ്വനാഥൻ: ആ നിയമനം നിയമപ്രകാരം സാധുവാകുമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: അതിനിപ്പോൾ സമാധാനം പറയാൻ പ്രയാസമാണ്.

Mr. President: It is a matter of opinion. It does not come under the question.

മിസ്റ്റർ ടി. കെ. കുഞ്ഞയ്യപ്പൻ: ഇക്കൊല്ലത്തിൽ എത്ര നിയമനം നടത്തിയിട്ടുണ്ടെന്നു പറയാമോ?

മിസ്റ്റർ സി. എ. ഔസേപ്പ്: നോട്ടീസ് വേണം.

മിസ്റ്റർ കെ. കരുണാകരൻ: സർവ്വീസ് കമ്മീഷൻ സ്റ്റാഫ് സെലക്ഷൻ ബോർഡിന്റെ പ്രവർത്തനത്തിൽ കൂടുതലായി യാതൊന്നും നടത്തിയിട്ടില്ലാത്തതുകൊണ്ട് അതിനുവേണ്ടി ചിലവിടുന്ന സംഖ്യ പാഴ്ചിലവാണെന്നു ഗവണ്മെണ്ടിനു ബോദ്ധ്യമുണ്ടോ?

മിസ്റ്റർ സി. എ. ഔസേപ്പ്: ബോദ്ധ്യമില്ല.

PENALISING UNTOUCHABILITY—PROPOSAL REGARDING

67. (167) മിസ്റ്റർ കെ. ഡബ്ലിയു. മുരളീധരമാരാർ: താഴെ പറയുന്ന ചോദ്യത്തിനു ബഹുമാനപ്പെട്ട ഗവണ്മെണ്ട് സദയം മറുപടി പറയുമോ.—

ഐത്തം കുറുകരമാക്കുന്നതിനായി ഏതെങ്കിലും നടപടിയെടുക്കുവാൻ ഗവണ്മെണ്ട് ഉദ്ദേശിക്കുന്നുണ്ടോ?

മിസ്റ്റർ ഇ. ഇക്കണ്ടവാരിയർ:

സാമുദായികാവശതകളും പരിഹരിക്കുവാൻ വേണ്ടകായ്ങ്ങളും ഗവണ്മെണ്ടിന്റെ ആലോചനയിൽ ഇരിക്കുകയാകുന്നു.

മിസ്റ്റർ എം. കെ. മേനോൻ: അയിത്തം സാമുദായികാവശതകളിൽപെട്ടതെന്നു ഗവണ്മെണ്ട് വിചാരിക്കുന്നില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അയിത്തം കുറുകരമാക്കുന്ന ഒരു കോൺസ്റ്റിറ്റ്യൂഷൻ കോൺസ്റ്റിറ്റ്യുവെന്റ് അസംബ്ലിയിൽ പാസാക്കീട്ടുണ്ട്. കോൺസ്റ്റിറ്റ്യുവെന്റ അസംബ്ലി ഉണ്ടാക്കീട്ടുള്ള കോൺസ്റ്റിറ്റ്യൂഷനിലെ ചില വകുപ്പുകൾ നാട്ടുരാജ്യങ്ങൾക്കു

LIBRARY ARCHIVES Kerala Legislative Assembly

ബാധകമായിട്ടുള്ളതാണ്. അയിത്തം കുറെകൂടി മാക്കുന്ന വകുപ്പും ഇങ്ങിനെയുള്ള വകുപ്പുകളിൽപെട്ടതാണ്. അതനുസരിച്ച് ആ നിയമം ഇവിടെയും ബാധകമാകുന്നതാണ്. ഇപ്പോൾ ഇന്ത്യാ മുഴുവൻ ഒന്നിച്ചു ബാധിക്കത്തക്കവിധം ഒരു നിയമമുണ്ടാക്കാനുള്ള നടപടി എടുത്തുവരുകയാണ്. അതു് ഏതാനും മാസത്തിനുള്ളിൽ നടപ്പിൽ വരും. അപ്പോൾ അതു് ഇവിടെയും നടപ്പിൽവരും. അതുകൊണ്ടാണ് അയിത്തം കുറെകൂടി മാക്കുന്ന കാര്യത്തെപ്പറ്റി പ്രത്യേകമെടുത്തു പറയാതിരുന്നതു്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: അയിത്തം കുറെകൂടി മാക്കിയാൽ പൊതുജീവിതത്തിൽ അതു് എത്രത്തോളം വ്യാപിക്കുമെന്നു വിശദീകരിയ്ക്കാമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതു് ഒരു പ്രസംഗത്തിനു വിഷയമാക്കേണ്ട കാര്യമാണ്.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: അയിത്തം കുറെകൂടി മാക്കുന്നതുകൊണ്ടു് എത്രത്തോളം ബുദ്ധിമുട്ടുകൾ പരിഹരിക്കപ്പെടും എന്നറിഞ്ഞാൽ കൊള്ളാം.

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അയിത്തം ആചരിക്കുന്നതു കുറവാണ്. അതിനുവേണ്ടിയുള്ള നിയമനിർമ്മാണം ഉണ്ടാകുമ്പോഴേ അതിന്റെ വ്യാപ്തിയെപ്പറ്റി പറയുവാൻ തരമുള്ളൂ.

മിസ്റ്റർ ജോസഫ് മുണ്ടശ്ശേരി: അതിന്റെ പരിധി എത്രത്തോളമുണ്ടെന്നറിയുവാനാണു ചോദിക്കുന്നതു്. വീട്ടിലോ പറമ്പിലോ ഒരാളെ പ്രവേശിപ്പിക്കാതെ ഇരുന്നാൽ അതും കുറെകൂടി മാക്കുന്നതിലേയ്ക്കിരുന്നുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: എത്രത്തോളം വ്യാപ്തിയുണ്ടാകുമെന്നു് ഇപ്പോൾ പറയുവാൻ സാധ്യമല്ല.

മിസ്റ്റർ പി. കെ ഡീവർ: അയിത്തം കുറെകൂടി മാക്കുന്ന ഒരു വകുപ്പു് ഇന്ത്യൻ കോൺസ്റ്റിറ്റ്യൂവെൻറ് അസംബ്ളി ഇന്ത്യൻ ഭരണഘടനയിൽ ചേർത്തിട്ടുള്ളതുകൊണ്ടു് ഇവിടെയും അതുപോലെ ഒരു നിയമനിർമ്മാണമുണ്ടാക്കാൻ പാടില്ലേ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഏതാനും ആഴ്ചകൾക്കുള്ളിൽ ആ നിയമനിർമ്മാണമുണ്ടാകും. അതിവിടെയും ബാധകമാകുമെന്നാണു ഞാൻ പറഞ്ഞതു്.

മിസ്റ്റർ പി. കെ. ഡീവർ: കോൺസ്റ്റിറ്റ്യൂവെൻറ് അസംബ്ളി പാസാക്കിയ ആ നിയമം ഇന്ത്യാ മുഴുവൻ വ്യാപിക്കുന്നതോടുകൂടിതന്നെ കൊച്ചിക്കും ബാധകമാകുമോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അതിനു് ഇവിടെ ഒരു പ്രത്യേക നിയമനിർമ്മാണം വരും.

മിസ്റ്റർ കെ. കരുണാകരൻ: കോൺസ്റ്റിറ്റ്യൂവെൻറ് അസംബ്ളി അതു പാസാക്കിയിട്ടുണ്ടോ?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: ഉവ്വ്.

KIND OF CLOTHES TO BE GIVEN TO DEPRESSED CLASS GIRLS FOR NEEDLE WORK—RULES REGARDING

68. (193) **Mr. Kodanat Narayanan Nambudiripad** *(Land-holders)*: Will Government be pleased to state.—

(*a*) according to the Rules of Education Department what kind of clothes should be supplied to the Depressed class girls in schools for needle-work;

(*b*) do rules prescribe that "mulls" should be invariably supplied;

(*c*) if so, do the Government know that in many schools instead of mulls other kinds of clothes are now being supplied?

Mr. P. GovindaMenon *(Minister for Finance and Law)*:

(*a*) One sq. ft. of mull to each girl in classes 1—3 and 1 yard cloth each in class 4 and Forms I—III.

(*b*) The prescribed item is mull for classes 1—3 and cloth for class 4 and Forms I—III. But bue to difficulty in getting mull in sufficient quantities, jaganathan is allowed to be substituted.

(*c*) Yes.

മിസ്റ്റർ കോടനാട്ടു് നാരായണൻ നമ്പൂതിരിപ്പാട്: ജഗന്നാഥൻ കൊടുക്കുമ്പോൾ മല്ലിന്റെ വിലയുണ്ടാകുന്നിടത്തോളം കൊടുക്കുമെന്നല്ലേ വിചാരിക്കേണ്ടതു്?

മിസ്റ്റർ പി. ഗോവിന്ദമേനോൻ: അങ്ങിനെതന്നെയാണു വിചാരിക്കേണ്ടതു്.

LIBRARY ARCHIVES Kerala Legislative Assembly